**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 02.03.2024 മുതൽ 06.03.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 09/2024 (18) വെള്ളിയാഴ്ച | തീയ്യതി 01/03 /2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 02.03.2024 | 03.03. 2024 | 04.03.2024 | 05.03. 2024 | 06.03.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 37 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 27 | 26 | 26 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 63 | 63 | 63 | 63 | 63 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 29 | 29 | 29 | 29 | 29 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 2 | 5 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 70 | 20 | 20 | 200 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 3 | 4 | 4 | 3 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:** വേനൽച്ചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | തവിട്ട് മുഞ്ഞ | ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം നെല്ലിൽ തവിട്ട് മുഞ്ഞയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ 2 ഗ്രാം തയോമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| വാഴ | - | വാഴകളിൽ പൊട്ടാസ്യത്തിന്റെ കുറവുമൂലം ഇലകളിൽ മഞ്ഞപ്പ് അരികുകളിൽ നിന്നും അകത്തേക്ക് വ്യാപിക്കുകയും അതിനു ശേഷം ഇല ഉണങ്ങി വാഴകൈ ഒടിഞ്ഞു പോവുകയും ചെയ്യുന്നു. ഇതിന് പ്രതിവിധിയായി പൊട്ടാഷ് അടങ്ങിയ വളങ്ങൾ ഇട്ടുകൊടുക്കുക. |
| മുളക് | മണ്ഡരി | ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം മുളകിൽ മണ്ഡരിയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി സ്പൈറോമെസിഫിൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക . |

മൃഗസംരക്ഷണം -: വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാൻ വിടാതിരിക്കുക. (CAADECCS, KVASU, Mannuthy).